ഐസി2-10264/2023

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ജലസേചനവും ഭരണവും
തിരുവനന്തപുരം
തീയതി: 19.01.2024

നോട്ടീസ്

വിഷയം- ജലസേചനം-ജീവനക്കാര്യം-ശ്രീ.അഭിലാഷ്.കെ.ആന്റണി, ഡ്രൈവർഗ്രേഡ് -2- യുടെ സീനിയോറിറ്റി പുനഃനിർണ്ണയിച്ച് നൽകുന്നത് സംബന്ധിച്ച്.

സൂചന-(1) ജി.ഒ(പി) നം.38/2014/പി&എആർഡി തീയതി 14.11.2014

(2) 12.12.2023-ലെ ഈ കാര്യാലയത്തിലെ ഉത്തരവ് നം. ഐസി2-8415/2023

(3) 18.12.2023-ലെ സുൽത്താൻബത്തേരി കെ.ആർ.പി. സബ്ഡിവിഷൻ നം.3 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഇ1/296/2021-ആം നമ്പർ കത്ത്

സുൽത്താൻബത്തേരി കെ.ആർ.പി.സബ്ഡിവിഷൻ നം.3 കാര്യാലയത്തിലെ ഡ്രൈവർ ഗ്രേഡ് II ആയ ശ്രീ.അഭിലാഷ്.കെ.ആന്റണി, സൂചന (2) പ്രകാരം പ്രസിദ്ധീകരിച്ച ഡ്രൈവർ തസ്തികയിലെ 31.08.2023 വരെയുള്ള താത്കാലിക മുൻഗണനാ പട്ടികയിൽ ക്രമ നം. 178 ആയി ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ 07.02.2019-ലെ വയനാട് കേരള പി.എസ്.സി ജില്ലാ ഓഫീസറുടെ നിയമന ശുപാർശ പ്രകാരം തിരുവനന്തപുരം സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിലെ ഹെഡ്ക്വാർട്ടേഴ്സ് ഒഴിവിലേയ്ക്ക് ആദ്യം നിയമനം ലഭിച്ച അഡ്വൈസ് തീയതി മുതൽ സീനിയോറിറ്റി പുനഃക്രമീകരിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ടിയാൻ അപേക്ഷയും അനുബന്ധരേഖകളും സൂചന(3) പ്രകാരം സമർപ്പിച്ചിട്ടുണ്ട്. ടിയാൻ സമർപ്പിച്ച രേഖകൾ പരിശോധിച്ചതിൽ നിന്നും ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ ജോലിയിൽ പ്രവേശിച്ച ശേഷം അന്തർവകുപ്പ് സ്ഥലം മാറ്റം സ്വീകരിച്ചതിനാൽ ടിയാൾക്ക് അന്തർവകുപ്പ് സ്ഥലം മാറ്റ വ്യവസ്ഥയിൽ ഇളവുകൾ അനുവദിക്കാവുന്നതും മുൻ വകുപ്പിലെ സേവനകാലം കൂടികണക്കിലെടുത്ത് ഈ വകുപ്പിലെ നിലവിലെ സീനിയോറിറ്റി പുനഃനിർണ്ണയിച്ച് നൽകാവുന്നതാണ് എന്നും സൂചന (1) സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ ഡ്രൈവർ തസ്തികയിലെ 31.08.2023 വരെയുള്ള താത്കാലിക മുൻഗണനാ പട്ടികയിൽ ക്രമ നം. 137 ആയി ഉൾപ്പെട്ട ശ്രീ.ജിനു.ജെ.എൻ നും ക്രമ നം, 138 ആയ ശ്രീ.അറാഫത്ത്.പി.കെ യ്ക്കും മദ്ധ്യേ ശ്രീ.അഭിലാഷ്.കെ. ആൻറണി യുടെ സീനിയോറിറ്റി പുനഃക്രമീകരിക്കുന്നു.

ഇതിന്മേൽ ഏതെങ്കിലും തരത്തിലുള്ള പരാതിയുള്ളവർ വസ്തുത തെളിയിക്കുവാൻ ആവശ്യമായ മേലധികാരി സാക്ഷ്യപ്പെടുത്തിയ രേഖകൾ സഹിതം ഈ നോട്ടീസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 15 ദിവസത്തിനുള്ളിൽ ഈ കാര്യാലയത്തിൽ ഹാജരാക്കേണ്ടതാണ്. പ്രസ്തുത തീയതിയ്ക്കുള്ളിൽ പരാതികൾ ഒന്നും തന്നെ ലഭിച്ചില്ല എങ്കിൽ ശ്രീ.അഭിലാഷ്.കെ. ആന്റണിയുടെ സീനിയോറിറ്റി ഡ്രൈവർമാരുടെ നിലവിലെ 31.08.2023 വരെയുള്ള താത്കാലിക മുൻഗണനാ പട്ടിക അന്തിമമായി പ്രസിദ്ധീകരിക്കുമ്പോൾ പുന:ക്രമീകരിച്ച് ഉത്തരവാകുന്നതാണ്.

ശ്രീ. അഭിലാഷ്.കെ.ആന്റണി
ഡ്രൈവർഗ്രേഡ്II
(ഓഫീസ് മേലധികാരി മുഖേന)

ചീഫ് എഞ്ചിനീയർക്കുവേണ്ടി

പകർപ്പ്

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഐ.ടി സെൽ, ഇറിഗേഷൻ(സർക്കുലർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)